## ചോ:

# "എങ്ങനെ, എപ്പോൾ മനുഷ്യൻ ദൈവത്തിന്റെ മാതൃക വിട്ടുകളഞ്ഞു?"

## ഉത്തരം:

ആദ്യമനുഷ്യനായ, ആദാം, പൂർണ്ണതയുള്ളവനായി സൃഷ്ടിക്കപ്പെടുകയും എന്നാൽ വീണുപോകയും ചെയ്തു - അതായത്, അവൻ പാപം ചെയ്തു (ഉൽപ്പത്തി 3; റോമർ 5:12). അതുപോലെ, നമ്മുടെ കർത്താവിന്റെ സഭ തെറ്റുപറ്റാൻ വഴിയില്ലാത്ത, ദൈവശ്വാസീയരായ അപ്പൊസ്തലന്മാരുടെ നടത്തിപ്പിനാൽ തുടങ്ങി എങ്കിലും (യോഹന്നാൻ 16:13), ആ സ്ഥാപനത്തിന് ഭാവിയിൽ വിശ്വാസത്യാഗം സംഭവിക്കും എന്ന് പരിശുദ്ധാത്മാവു മുന്നറിഞ്ഞിരുന്നു (പ്രവൃത്തികൾ 20:29, 30; 1 തിമൊഥെയൊസ് 4:1, 3; 2 തെസലൊനിക്യർ 2:1-10). ആ വലിയ സഭ ആദ്യം പെട്ടെന്നു വളരുകയും (ദാനിയേൽ 2:35, 44; മത്തായി 13:31-33), എങ്കിലും ആ സമൃദ്ധി പിന്നീടു വിട്ടുകളയുകയും വീഴ്ച്ച സംഭവിക്കുകയും ചെയ്യുമായിരുന്നു.[1]

സഭ ധാർമ്മികമായി വീണുപോയെങ്കിലും, ആരാധനയിൽ, മറ്റു പല കാര്യങ്ങളിൽ, സഭയുടെ ഭരണമാതൃക ബൈബിളിൽ നിന്ന് അകന്നുപോയതിനെ നമുക്കു നോക്കാം.

പൂർണ്ണതയുടെ കാലയളവിൽ, പരിശുദ്ധാത്മാവ് ദൈവത്തിന്റെ സഭയുടെ ഭരണം ശരിയായി തീരുവാൻ അപ്പൊസ്തലന്മാരെ സഹായിക്കുകയും, ഓരോ പ്രാദേശിക ഇടവകയും, മൂപ്പന്മാരുടെ കീഴിൽ അവരെ സഹായിക്കുവാൻ ശുശ്രൂഷകന്മാരും ഉണ്ടായിരുന്നു. തിരുവെഴുത്തിൽ ആ മൂപ്പന്മാരെ "ബിഷപ്പുമാർ" (കെജെവി) എന്നും "ഓവർസീയേഴ്സ്" (പ്രവൃത്തികൾ 20:17, 28; തീത്തോസ് 1:5-7) എന്നും വിളിച്ചിരുന്നു. ദൈവത്തിന്റെ ഏർപ്പാട് അനുസരിച്ച്, മൂപ്പന്മാർക്കിടയിൽ വ്യത്യാസം ഇല്ലായിരുന്നു; മറ്റുള്ള മൂപ്പന്മാരെക്കാൾ ഒരു മൂപ്പനെ ഉയർന്നതായി കണ്ടിരുന്നില്ല. പുതിയനിയമം എഴുതപ്പെട്ടപ്പോൾ അതായിരുന്നു സഭാനേതൃത്വത്തിന്റെ അവസ്ഥ, എന്നാൽ അധികം വൈകാതെ ആ ഭരണസംവിധാനത്തിന് ആദ്യം വീഴ്ച്ച സംഭവിച്ചു. ഏ.ഡി. 110-ൽ, ഇഗ്നേഷ്യസ് ഒരു ഏകാധിപത്യ ബിഷപ്പിനെ കുറിച്ച് എഴുതി. ആരാണ് ഈ അപരിചിതനായ സഭാ ഉദ്യോഗസ്ഥൻ? ഒരു വ്യത്യാസം ഉടലെടുക്കുകയും, മൂപ്പന്മാരിൽ ഒരാളെ "ബിഷപ്പായും" മറ്റുള്ളവരെ "മൂപ്പന്മാർ" മാത്രമായും നിലനിർത്തുകയും ചെയ്തു. ബിഷപ്പിനു കൂടുതൽ അധികാരമുണ്ടെന്നു കരുതുകയും, അദ്ദേഹത്തെ "രാജകീയ ബിഷപ്പ്" എന്നു വിളിച്ചും വന്നു. കുറച്ചുവർഷങ്ങൾക്കുശേഷം, ദൈവത്തിന്റെ ഇടവകകളിലെ അദ്ധ്യക്ഷസ്ഥാനത്തിന്റെ ഭരണസംവിധാനം ഒന്നിലധികം മൂപ്പന്മാരിൽ നിന്നു "പാസ്റ്റർ വ്യവസ്ഥയിലേക്ക്," ഏക മനുഷ്യരാൽ ഉള്ള ഭരണമായ, ചെറിയ തോതിലുള്ള പാപ്പ സംവിധാനമായി തീർന്നു. സഭയുടെ അത്തരം ഭരണ വ്യവസ്ഥ ദൈവത്തിന്റെ വ്യവസ്ഥയിൽ നിന്ന് മനുഷ്യരുടേതിലേക്ക് മാറു

ന്നതായിരുന്നു. "ബഹുവചനത്തിൽ[2] ബിഷപ്പുമാർ, പ്രെസ്ബിറ്റേഴ്സ് എന്നിവയുടെ ഉപയോഗം ഏകാധിപത്യ അദ്ധ്യക്ഷത ഉള്ളത് സ്വീകാര്യമല്ല അല്ലെങ്കിൽ യോജിക്കുന്നതല്ല."

പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നുള്ള പ്രാരംഭ വേർപാട് ആധുനിക കത്തോലിക്ക സഭപോലും സമ്മതിക്കും. *ദ സ്റ്റോറി ഓഫ് ദ കാത്തലിക് ചർച്ച്* എന്ന പുസ്തകത്തിൽ റോമൻ കത്തോലിക്കാ ചരിത്രകാരനായിരുന്ന ജോർജ്ജ് സ്റ്റെബിംഗ് പറഞ്ഞു,

> വിശുദ്ധനായ ഇഗ്നേഷ്യസിന്റെ എഴുത്തുകളിൽ ബിഷപ്പുമാരുടെ മൂന്നു വ്യത്യസ്തമായ ക്രമങ്ങൾ കാണാം, പുരോഹിതന്മാർ [മൂപ്പന്മാർ] ശുശ്രൂഷകന്മാർ എന്നിവർ ഉള്ളതായി പറയുന്നു ... കർത്താവ് നേരിട്ട് അവരെ സ്ഥാപിച്ചുവെന്ന് നമുക്കു സംശയരഹിതമായി വിശ്വസിക്കാം, എന്നാൽ സഭയുടെ പാരമ്പര്യത്തിൻമേൽ ആണ് നാം വിശ്വസിക്കേണ്ടത്, അല്ലാതെ പുതിയനിയമ വാക്കുകളുടെ അടിസ്ഥാനത്തിലുള്ളതല്ല അത്, കാരണം ആ വ്യത്യാസം പുതിയനിയമത്തിൽ നാം കാണുന്നില്ല.

ആ പശ്ചാത്തലത്തിൽ, ഭരണസംവിധാനത്തിലുള്ള വേർപിരിയലിന്റെ അടുത്ത പടിയിൽ നമുക്ക് അതിശയിക്കുവാനില്ല. ഏകാധിപത്യ ബിഷപ്പിന് ഒരു സഭയിൽ തൃപ്തിപ്പെടുവാനായില്ല. പെട്ടെന്നു ഒന്നിലധികം സഭകൾ ഒരു ഏകാധിപത്യ ബിഷപ്പിന്റെ കീഴിലേക്കു കൊണ്ടുവന്നു. പിന്നെ, "മൂന്നാം നൂറ്റാണ്ടിൽ, ... പല ബിഷപ്പുമാർ ഒരു ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിലുള്ള സംഘടനയായി, ബിഷപ്പിന്റെ ദേശീയ തലസ്ഥാനവും ഉണ്ടായി."[3] അടുത്തത്, "ഒന്നാം ക്ലാസ് ആർച്ചുബിഷപ്പ്" (അലെക്സന്ത്രിയ, അന്ത്യോക്യ, യെരുശലേം, റോം, കോൺസ്റ്റാന്റിനോപ്പിൾ) എന്നിവ ചേർത്ത് "പിതാക്കന്മാർ"[4] ആയി തീർന്നു. ആ പിതാക്കന്മാർ അവരുടെ പരിധിക്കുള്ളിൽ ക്രിസ്ത്യാനികളെ ഭരിച്ചിരുന്നുവെങ്കിലും, അവരാരും ഒരാൾ മറ്റൊരാളെക്കാൾ മുകളിലായിരുന്നില്ല. എന്നാൽ വസ്തുത എന്തെന്നാൽ, നാലാം നൂറ്റാണ്ടിൽ, ആ ആർച്ചുബിഷപ്പുമാരിൽ ഒരാൾക്ക് സാർവ്വദേശീയ അധികാരമുണ്ടാകുന്നതിനുപകരം, റോമാ ഗവൺമെന്റിന്റെ ചക്രവർത്തിയായിരുന്ന, കോൺസ്റ്റന്റൈൻ, തനിക്ക് എല്ലാ സഭകളുടെമേലും "പരമാധികാരം ഉണ്ടെന്ന് അവൻ കരുതിയിരുന്നു." ഏ.ഡി. 325–ൽ,[5] നിഖ്യയിൽവെച്ച് 318 ബിഷപ്പുമാരെ സംയോജിപ്പിച്ച് ഒരു എക്യൂമെനിക്കൽ കൗൺസിൽ വിളിച്ചുചേർത്തതു അവനായിരുന്നു. എങ്ങനെയായാലും, അധികാരഭ്രമം ചക്രവർത്തിമാരിൽ മാത്രം ഉള്ളതായിരുന്നില്ല, അത് പരിവർത്തനം ചെയ്യപ്പെടാത്ത പുരോഹിതന്മാരിലും ഉണ്ടായിരുന്നു. ഏ.ഡി. 595–ൽ, കോൺസ്റ്റന്റിനോപ്പിളിലെ പിതാവായ, ജോൺ ദ ഫാസ്റ്റർ, എല്ലാ ബിഷപ്പുമാരുടെയും പിതാക്കന്മാരുടെയും മുകളിലാകണമെന്ന ആഗ്രഹത്താൽ സ്വയം സർവ്വദേശീയ ബിഷപ്പ് എന്ന നാമകരണം നൽകി. റോമൻ ബിഷപ്പായിരുന്ന, ഗ്രിഗെറി, കുപിതനായി ചക്രവർത്തിക്ക് എഴുതി: "ഞാൻ, തീർച്ചയായും, ഉറപ്പിക്കുന്നത് ആരായാലും തന്നെത്താൻ അങ്ങനെ വിളിക്കുകയോ അല്ലെങ്കിൽ, *സർവ്വദേശീയ പുരോഹിതൻ* എന്ന്, ഒരു വ്യക്തി അറിയപ്പെടുകയോ ചെയ്താൽ, അവന്റെ വൃഥാവായ ചിത്തോല്ലാസം, എതിർ ക്രിസ്തുവിന്റെ മുന്നോടിയാകുന്നു, കാരണം, അവന്റെ നിഗളത്താൽ, അയാൾ തന്നെ മറ്റുള്ളവരെക്കാൾ, ഉയർത്തുകയാണ് ചെയ്യുന്നത്."[6]

വരുവാനുള്ള പോപ്പുമാർക്ക് എതിരായിട്ടാണ്, തന്റെ ഉടൻ പിൻഗാമി യാകുവാനിരിക്കുന്ന ബോണിഫസ് III കൂടെ അതിൽ ഉൾപ്പെടുന്നുവെന്നു, വളരെ കുറച്ചു മാത്രമെ ഗ്രിഗറി മനസ്സിലാക്കിയിരുന്നുള്ളൂ. ഗ്രിഗറിയുടെ എതിർപ്പുണ്ടായിരുന്നിട്ടും, കോൺസ്റ്റൈന്റിനോപ്പിളിലെ പിതാവ് അപ്പോഴും, ആ നാമം ധരിക്കുന്നുണ്ടായിരുന്നു. ബോണിഫസ് III റോമിലെ പുതിയ ബിഷപ്പായപ്പോൾ, അവൻ കോൺസ്റ്റൈന്റിനോപ്പിളിന്റെ അവകാശത്തെ എതിർക്കുന്നതിനേക്കാൾ കൂടുതൽ ചെയ്തു. അവൻ കുലപാതകിയായ/ഫോക്കസ് ചക്രവർത്തിയുമായി സൗഹൃദം നേടിയശേഷം, ചക്രവർത്തിയോട് ആ നാമം ഉപേക്ഷിക്കുവാൻ (അല്ലെങ്കിൽ നീതിന്യായപരിപാലനം) കോൺസ്റ്റൈന്റിനോപ്പിളിൽ നിന്ന് റോമിലേക്കു മാറ്റുവാൻ ആവശ്യപ്പെട്ടു. ജോൺ മോസയിം അത് പരോണിയസിന്റെ അധികാരത്തിൽ കൊണ്ടുവന്ന്, പറഞ്ഞത് "മിക്ക പണ്ഡിതന്മാരായ എഴുത്തുകാരും, പൂർവ്വികന്മാരുടെ[7] അറിവിൽ ശ്രദ്ധേയരായവരും അതിനോടു യോജിക്കുന്നു" എന്നാണ്. കോൺസ്റ്റൈന്റിനോപ്പിളിലെ എതിർപ്പുള്ള ബിഷപ്പുമാർ ഉറപ്പിച്ചു പറഞ്ഞത് അവരുടെ കാഴ്ച്ചപ്പാട് "റോമുമായി പദവിയിലും അധികാരത്തിലും തുല്യമാണ്" എന്നു മാത്രമല്ല, "എല്ലാ ക്രിസ്തീയസഭകളുടെയും" മുകളിലുമാണ് എന്നായിരുന്നു. അവരുടെ എതിർപ്പുകൾ ഫോക്കാസ് പരിഗണിച്ചില്ല, എന്നാൽ റോമൻ ബിഷപ്പിനുമേൽ ഉയർന്ന ബഹുമതി നൽകി, "അങ്ങനെയാണ് പാപ്പയുടെ പരമാധികാരം ആദ്യമായി പരിചയപ്പെടുത്തിയത്."[8]

റോം ആഗ്രഹിച്ച അപ്പോഴുള്ള ആ പദവി ഭക്തിയുള്ള ക്രിസ്ത്യാനികൾ ഏല്പിച്ചതായിരുന്നില്ല, പക്ഷെ സ്വന്ത-ഇഷ്ടമുള്ള ഫോക്കാസ് ആരംഭിച്ചതാണ്, "ആ വെറുക്കപ്പെട്ട സ്വേച്ഛാധിപതി, രാജകീയ സിംഹാസനത്തിൽ കഷ്ടപ്പെട്ടു കയറിയത് മൗറീഷ്യസ്[9] ചക്രവർത്തിയുടെ രക്തം ചീന്തിക്കൊണ്ടായിരുന്നു."

അന്നുമുതൽ ഇന്നുവരെ നടന്ന അത്തരം വേർപിരിയലുകളെ കുറിച്ചു ചർച്ച ചെയ്യാൻ ഇപ്പോൾ സ്ഥലം പോരാ. ചുരുക്കിപ്പറഞ്ഞാൽ വിശ്വാസത്യാഗം സംഭവിച്ചത് ദൈവശ്വാസീയ എഴുത്തുകാരുടെ പ്രവചനം പോലെയാണ്.

---

കുറിപ്പുകൾ

[1]"കുഴപ്പമില്ലാത്ത" തിനെ കുറിച്ചുള്ള കത്തോലിക്കാ വിശ്വാസം *ഏ കാറ്റഗിസം ഓഫ് ക്രിസ്ത്യൻ ഡോക്ട്രിൻ* എന്നതിൽ നിർവ്വചിച്ചിരിക്കുന്നതു താഴെ കൊടുത്തിരിക്കുന്നതുപോലെയാണ്: "... ക്രിസ്തു കണ്ടുപിടിച്ച, സഭ, കാലാവസാനത്തോളം നിലനില്ക്കും" എന്നാണ്. റോമൻ കത്തോലിക്കരിൽ നിന്നുള്ള, ആ നിർവ്വചനം, തെളിയിക്കുന്നത് കത്തോലിക്കാസഭ ബൈബിൾ സഭയല്ല എന്നതാണ്; കാരണം, പൗലൊസു പറയുന്നതനുസരിച്ച്, ബൈബിൾ സഭ കുഴപ്പമുള്ളതായിരിക്കും. അപ്പോസ്തോലിക ഉപദേശം, "ഒരിക്കലും പഠിപ്പിക്കുന്നത്, നിന്നുപോയിട്ടില്ല, നിന്നുപോകുകയുമില്ല" എന്ന ഒരു സഭ അവകാശപ്പെടുന്നു എങ്കിൽ അതു ബൈബിൾ സഭ അല്ല എന്നു കാണിക്കുന്നു, കാരണം സഭയിൽ നിന്ന് അനേകർ "വിശ്വാസം വിട്ടകന്നു പോകും" അതിനെ "വീണുപോകൽ" എന്നു പറഞ്ഞിരിക്കുന്നു. [2]അഡോൾഫ് ഹാർനാക്ക്, "ഓർഗനൈസേഷൻ ഓഫ് ദ ഏർളി ചർച്ച്," ഇൻ സാമുവേൽ മക്കാലേ ജാക്ക്സൺ, എഡി., *ദ ന്യൂ സ്കാഫ്-ഹെർസോഗ് എൻസൈക്ലോപീഡിയ ഓഫ് റിലീജിയസ് നോളെഡ്ജ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1951), 8:263. [3]പോൾ ഹിൻസ്കിയസ്, "ആർച്ച് ബിഷപ്പ്," ഇൻ

*സ്കാഫ്-ഹെർസോഗ് എൻസൈക്ലോപീഡിയ*, 1:259. [4]ഫിലിപ്പ് മേയർ, "കോൺസ്റ്റെന്റിനോപ്പിൾ," ഇൻ *സ്കാഫ്-ഹെർസോഗ് എൻസൈക്ലോപീഡിയ,* 3:255. [5]ജോൺ ലോറൻസ് മോഷെയിം, *ആൻ എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി, ഏൻഷിയന്റ് ആന്റ് മോഡേൺ,* ട്രാൻസ്. ആർക്കിബാൾഡ് മക്ക്ലെയിൻ, വാല്യം. 1 (ന്യൂ യോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1871), 106. [6]ക്വോട്ടഡ് ഇൻ ജോൺ എഫ്. റോ, *എ ഹിസ്റ്ററി ഓഫ് റിഫോർമേറ്ററി മൂവ്മെന്റ്സ്,* 9 ത്ത് എഡി., റെവ. (സിൻസിനാറ്റി, ഓഹിയോ: എഫ്. എൽ. റോ, 1913), 304. [7]മോഷെയിം, 178. [8]ഇബിഡ്. [9]ഇബിഡ്.